ഉത്തരം

(എ) ഉണ്ട്.

(ബി) പരിഗണിച്ചിട്ടുണ്ട്.

(സി) സഹകരണ സ്ഥാപനങ്ങളുടെ തെരഞ്ഞെടുപ്പിന് ഒരു സ്വതന്ത്ര തെരഞ്ഞെടുപ്പ് കമ്മീഷൻ രൂപീകരിക്കുന്നതിനുവേണ്ടി 1999 ലെ കേരള സഹകരണ സംഘം (ഭേദഗതി) ബില്ലിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

**135 (1044) സഹകരണ സംഘങ്ങളുടെ ഭരണസമിതി പിരിച്ചു വിട്ട നടപടി**

ശ്രീമതി റോസമ്മ ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവണ്മെന്റ് അധികാരത്തിൽ വന്നശേഷം സഹകരണ സംഘങ്ങളുടെ എത്ര ഭരണസമിതികൾ പിരിച്ചുവിട്ടു;

(ബി) ഇതിനെതിരെ ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്തവയുടെ എണ്ണം വ്യക്തമാക്കുമോ;

(സി) പ്രസ്തുത കേസുകളിൽ എത്ര സഹകരണ സംഘങ്ങളുടെ ഭരണസമിതി പിരിച്ചുവിട്ട നടപടി റദ്ദാക്കിയിട്ടുണ്ട്?

ഉത്തരം

(എ) ഈ ഗവണ്മെന്റ് അധികാരത്തിൽ വന്നശേഷം സംസ്ഥാനത്തെ സഹകരണ വകുപ്പിന്റെ നിയന്ത്രണത്തിൽ ഉള്ള 100 സഹകരണ സംഘങ്ങളുടെ ഭരണസമിതികളെ പിരിച്ചുവിട്ടിട്ടുണ്ട്.

(ബി) 43 കേസുകൾ ഫയൽ ചെയ്തിട്ടുണ്ട്.

(സി) 24 സഹകരണ സംഘങ്ങളുടെ ഭരണസമിതി പിരിച്ചുവിട്ട നടപടി റദ്ദാക്കിയിട്ടുണ്ട്.

**136 (1045) സഹകരണ സ്ഥാപനങ്ങളിലെ ധനാപഹരണം**

ശ്രീ. എം. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ ഏതെല്ലാം സഹകരണ സ്ഥാപനങ്ങളിലാണ് ധനാപഹരണവുമായി ബന്ധപ്പെട്ട് അന്വേഷണം നടക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ഇതുമായി ബന്ധപ്പെട്ട ഏതെല്ലാം സ്ഥാപനങ്ങളിലെ എത്ര ജീവനക്കാരുടെ മേൽ ശിക്ഷണ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കോഴിക്കോട് ജില്ലയിൽ ചേവായൂർ സർവീസ് സഹകരണ ബാങ്ക്, ചെലവൂർ സർവീസ് സഹകരണബാങ്ക്, താമരശ്ശേരി സർവീസ് സഹകരണ ബാങ്ക്, കോമ്മേരി സർവീസ് സഹകരണ ബാങ്ക്, കൊടുവള്ളി സഹകരണ ഹൗസിംഗ് സൊസൈറ്റി, കൊടുവള്ളി സർവീസ് സഹകരണ ബാങ്ക്, കടലുണ്ടി സർവീസ് സഹകരണ ബാങ്ക്, തിരുവമ്പാടി സർവീസ് സഹകരണ

LIBRARY ARCHIVES Kerala Legislative Assembly

ബാങ്ക്, കോഴിക്കോട് ജില്ലാ സഹകരണ ബാങ്ക് എന്നീ സഹകരണ സ്ഥാപനങ്ങളിൽ ധനാപഹരണവുമായി ബന്ധപ്പെട്ട അന്വേഷണം നടക്കുന്നുണ്ട്.

(ബി) താമരശ്ശേരി സർവീസ് സഹകരണ ബാങ്ക്, കടലുണ്ടി സർവീസ് സഹകരണ ബാങ്ക്, ചെലവൂർ സർവീസ് സഹകരണ ബാങ്ക്, കോഴിക്കോട് ജില്ലാ സഹകരണ ബാങ്ക് എന്നീ സ്ഥാപനങ്ങളിലെ ഓരോ ജീവനക്കാരുടെ പേരിൽ ശിക്ഷണ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**137 (1046) സഹകരണ ബാങ്കിലെ പണാപഹരണം**

<u>ശ്രീ. പി.ജെ. ഫ്രാൻസിസ്</u> :

<u>ശ്രീ. ജോർജ് ജെ. മാത്യു</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇളങ്കുളം സർവീസ് സഹകരണ ബാങ്കിലെ പണാപഹരണം സംബന്ധിച്ച് അന്വേഷണം പൂർത്തിയായിട്ടുണ്ടോ;

(ബി) എങ്കിൽ അന്വേഷണത്തിൽ വെളിവായ വിവരങ്ങൾ എന്തൊക്കെയാണ്;

(സി) എന്തു തുകയുടെ പണാപഹരണം നടന്നതായിട്ടാണ് കണ്ടെത്തിയിട്ടുള്ളതെന്നു പറയുമോ;

(ഡി) ഈ ക്രമക്കേടുകൾക്ക് ഉത്തരവാദികൾ ആരൊക്കെയെന്നു പറയാമോ;

(ഇ) അവരുടെ മേൽ എന്തു നടപടി സ്വീകരിച്ചു?

<u>ഉത്തരം</u>

(എ) സഹകരണ നിയമം അനുസരിച്ചുള്ള അന്വേഷണം പൂർത്തിയാക്കിയിട്ടുണ്ട്. വിജിലൻസ് അന്വേഷണം പൂർത്തിയായിട്ടില്ല.

(ബി) വ്യാജവായ്പ നൽകൽ, അധികൃത വായ്പ നൽകൽ, അനധികൃത ഹുണ്ടി വ്യാപാരം, ബിൽഡിംഗ് കൗൺടിംഗ്, പണാപഹരണം മുതലായ കാര്യങ്ങൾ സഹകരണ വകുപ്പിന്റെ അന്വേഷണത്തിൽ കണ്ടുപിടിച്ചിട്ടുണ്ട്.

(സി) മൊത്തം 3.63 കോടി രൂപയുടെ ക്രമക്കേടുകൾ കണ്ടെത്തിയിട്ടുണ്ട്.

(ഡി) സഹകരണ വകുപ്പിന്റെ അന്വേഷണത്തിൽ സെക്രട്ടറി ശ്രീ. എം. ഗോപിനാഥൻ നായർ ബ്രാഞ്ച് മാനേജർമാരായ ശ്രീ.കെ.എം. ലംബൈ, ശ്രീ. ജോജി ജോസ് എന്നിവരും ഭരണസമിതി അംഗങ്ങളും ഈ ക്രമക്കേടുകൾക്ക് പ്രഥമദൃഷ്ട്യാ ഉത്തരവാദികളാണെന്ന് കണ്ടിട്ടുണ്ട്.

(ഇ) ഭരണസമിതിയെ പിരിച്ചുവിടുകയും മേൽപറഞ്ഞ ജീവനക്കാരെ അന്വേഷണ വിധേയമായി സസ്പെന്റു ചെയ്യുകയും ഉണ്ടായിട്ടുണ്ട്.

**138 (1047) സർവീസ് സഹകരണ സംഘങ്ങളിലെ ക്രമക്കേടുകൾ**

<u>ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly